അടിയന്തരം

Website: www.keralapsc.org
Telegram: "KERSERCOM"
E-mail. kpsc@keralapsc.org
Telephone: 0471- 2448165

## കേരള പബ്ലിക് സർവീസ് കമ്മീഷൻ

നമ്പർ: ഡി.ആർ.I(2)20691/06/ഗ.വി

തിരുവനന്തപുരം,
30-7-2007

സെക്രട്ടറി,
കേരള പബ്ലിക് സർവീസ് കമ്മീഷൻ,
തിരുവനന്തപുരം.

ജില്ലാ ആഫീസർ,
കേരള പബ്ലിക് സർവീസ് കമ്മീഷൻ ജില്ലാ ആഫീസ്,

സർ,

വിഷയം: എൽ.ഡി.ടൈപ്പിസ്റ്റ്, സി.എ.ഗ്രേഡ്-2 മുതലായ തസ്തികകൾ- വിവിധം- കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് തത്തുല്യയോഗ്യത- വിശദീകരിക്കുന്നതു സംബന്ധിച്ച്.

സൂചന: 1) 15.12.2006-ലെ ഡി.ആർ.I(2)20691/06/ഗ.വി.-ാം നമ്പർ ഉത്തരവ്.
2) കമ്മീഷൻെറ 16.7.2007 ലെ ഇതേ ഫയലിലെ ഉത്തരവ്.

സൂചന ഒന്നിലെ ഉത്തരവിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് താഴെപ്പറയും പ്രകാരം അറിയിക്കുന്നു.

വിവിധ വകുപ്പുകളിലെ എൽ.ഡി.ടൈപ്പിസ്റ്റ്, സി.എ.ഗ്രേഡ്-2 തുടങ്ങിയ തസ്തികകൾക്ക് 9.5.2005 ലെ 17/2005/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) പ്രകാരം അധികമായി നിഷ്ക്കർഷിച്ച കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് യോഗ്യതയ്ക്ക് തത്തുല്യമായി കേന്ദ്ര-സംസ്ഥാന സർക്കാർ വകുപ്പുകളോ ഏജൻസികളോ സൊസൈറ്റികളോ യൂണിവേഴ്സിറ്റികളോ നടത്തുന്ന മൂന്നുമാസത്തിൽക്കുറയാത്ത ദൈർഘ്യമുള്ള കോഴ്സിനെത്തുടർന്ന് ലഭിക്കുന്ന കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗിലുള്ള യോഗ്യതകൾ സ്വീകരിക്കാമെന്ന് സൂചന (1) ലൂടെ കമ്മീഷൻ ഉത്തരവായിരുന്നു. എന്നാൽ, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നടത്തിയ അസൽരേഖകളുടെ പരിശോധനാ വേളയിൽ കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് യോഗ്യതയ്ക്ക് തത്തുല്യമായി അനവധി സർട്ടിഫിക്കറ്റുകൾ ഉദ്യോഗാർത്ഥികൾ ഹാജരാക്കുകയും അവ സ്വീകരിക്കാമോയെന്നതിൽ കമ്മീഷൻെറ ഉത്തരവിനായി പി.എസ്.സി ജില്ലാ ആഫീസർമാർ ഈ ആഫീസിലേക്ക് എഴുതിച്ചോദിക്കുകയുമുണ്ടായി. ഈ വിഷയം പരിഗണിച്ച കമ്മീഷൻ താഴെപ്പറയും പ്രകാരം ഉത്തരവായ വിവരം അറിയിക്കുന്നു.

1) താഴെപ്പറയുന്ന സർക്കാർവകുപ്പുകൾ, സർക്കാർഏജൻസികൾ, സർക്കാർ സൊസൈറ്റികൾ, യൂണിവേഴ്സിറ്റികൾ നൽകുന്ന സർട്ടിഫിക്കറ്റുകൾ മാത്രം തത്തുല്യയോഗ്യതയായി സ്വീകരിക്കാവുന്നതാണ്.

(തുടർച്ച...2)

എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് (എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക്ക് തുടങ്ങിയ സ്ഥാപനങ്ങളിൽ പഠിപ്പിക്കുന്നവ)

ബി) ദേശീയ/സംസ്ഥാന തൊഴിൽ പരിശീലന വകുപ്പ്/കൗൺസിൽ (നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്)

സി) യൂണിവേഴ്സിറ്റികൾ (ഇഗ്നോ നാഷണൽ ഓപ്പൺ സ്കൂളിംഗ് ഉൾപ്പെടെ)

ഡി) എൽ.ബി.എസ്.സെൻറർ ഫോർ സയൻസ് & ടെക്നോളജി

ഇ) ഐ.എച്ച്.ആർ.ഡി

എഫ്) സി.ഡി.റ്റി

ജി) കേരള സ്റ്റേറ്റ് ആഡിയോ- വിഷ്വൽ & റിപ്രോഗ്രാഫിക് സെൻറർ

എച്ച്) കെൽട്രോൺ

ഐ) ഇ.ആർ. & ഡി.സി. (സി.ഡാക്)

ജെ) തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങൾ (ആർട്സ് & സയൻസ്/ എഞ്ചിനീയറിംഗ് . . കോളേജുകൾ, പോളിടെക്നിക്കുകൾ എന്നിവയിൽ നടത്തുന്നത്)

i) സെൻറർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ ഇൻ കേരളയുടെ ആഭിമുഖ്യത്തിൽ നടത്തുന്നവ (ഉപകേന്ദ്രങ്ങളുടെ പട്ടിക ഇതോടൊപ്പം വച്ചിട്ടുണ്ട്).

ii) കമ്മ്യൂണിറ്റി പോളിടെക്നിക് സ്കീം പ്രകാരം നടത്തുന്നവ

iii) കാനഡ- ഇൻഡ്യ ഇൻസ്റ്റിറ്റ്യൂഷണൽ കോ-ഓപ്പറേഷൻ പ്രോജക്ട് പ്രകാരം നടത്തുന്നവ.

കെ) ശ്രമിക് വിദ്യാപീഠം (ജനശിക്ഷാ സൻസ്ഥാൻ)

എൽ) സയൻസ് & ടെക്നോളജി എൻറർപ്രൂണർഷിപ്പ് ഡെവലപ്പ്മെൻറ് പ്രോജക്ട് (STED) (കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നടത്തുന്നവ).

എം) ഡിപ്പാർട്ടുമെൻറ് ഓഫ് ഇലക്ട്രോണിക്സ് അക്രഡിറ്റേഷൻ ഓഫ് കമ്പ്യൂട്ടർ കോഴ്സസ് (DOEACC) സൊസൈറ്റി

2) മുകളിൽ വിവരിച്ച വകുപ്പുകൾ/ഏജൻസികൾ/യൂണിവേഴ്സിറ്റികൾ/ സൊസൈറ്റികൾ നൽകുന്ന സർട്ടിഫിക്കറ്റുകൾ മൂന്നുമാസത്തിൽ കുറയാത്ത ദൈർഘ്യമുള്ള കമ്പ്യൂട്ടർ കോഴ്സുകളെത്തുടർന്ന് ലഭിച്ചവയാണെങ്കിൽ മാത്രം സ്വീകരിക്കാവുന്നതാണ്

(തുടർച്ച...3)

3) മുകളിൽ 'ഡി' മുതൽ 'ഐ' വരെ വിവരിച്ചിരിക്കുന്ന സ്ഥാപനങ്ങൾ നേരിട്ട് നടത്തുന്ന കോഴ്സുകളെത്തുടർന്ന് നൽകുന്ന സർട്ടിഫിക്കറ്റുകൾ മാത്രം സ്വീകരിക്കേണ്ടതാണ്. (പ്രസ്തുത സ്ഥാപനങ്ങളുടെ മുദ്രപതിപ്പിച്ചതോ പ്രസ്തുത സ്ഥാപനങ്ങളിൽ അഫിലിയേറ്റ് ചെയ്ത സ്വകാര്യസ്ഥാപനങ്ങൾ നൽകുന്നതോ ആയ സർട്ടിഫിക്കറ്റുകൾ സ്വീകരിക്കേണ്ടതില്ല).

4) മുകളിൽ 'ജെ'യിൽ പരാമർശിക്കുന്ന പദ്ധതികൾ പ്രകാരം ലഭിക്കുന്ന സർട്ടിഫിക്കറ്റുകളിൽ അവ നടത്തിയ കോളേജിന്റെയോ/പോളിടെക്നിക്കിന്റെയോ പേരും സീലും പ്രിൻസിപ്പാളിന്റെ ഒപ്പും ഉണ്ടായിരിക്കേണ്ടതാണ്.

5) മേൽപ്പറഞ്ഞ 'എ' മുതൽ 'എം' വരെ വിവരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നു ലഭിച്ച കമ്പ്യൂട്ടർ ഹാർഡ് വെയർ കോഴ്സിന്റെ സർട്ടിഫിക്കറ്റ് ഏതെങ്കിലും ഉദ്യോഗാർത്ഥി ഹാജരാക്കിയിട്ടുണ്ടെങ്കിൽ അവ സ്വീകരിക്കേണ്ടതില്ല.

6) മുകളിൽപ്പറഞ്ഞ യോഗ്യതകൾ എല്ലാംതന്നെ ബന്ധപ്പെട്ട തിരഞ്ഞെടുപ്പുകളുടെ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിക്കുമുമ്പ് നേടിയവയായിരിക്കണം. ടി യോഗ്യതകൾ അല്ലാതെ സർക്കാർ വകുപ്പുകൾ, സർക്കാർ ഏജൻസികൾ, സർക്കാർ സൊസൈറ്റികൾ, യൂണിവേഴ്സിറ്റികൾ എന്നിവ നൽകിയ മറ്റേതെങ്കിലും കമ്പ്യൂട്ടർ കോഴ്സുകളെ തുടർന്ന് ലഭിച്ച സർട്ടിഫിക്കറ്റുകൾ സാധ്യതാലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ ഹാജരാക്കിയിട്ടുണ്ടെങ്കിൽ അവയുടെ സ്വീകാര്യത സംബന്ധിച്ച് കമ്മീഷന്റെ ഉത്തരവ് പ്രത്യേകം നേടേണ്ടതാണ്.

ഈ നിർദ്ദേശങ്ങൾ അനുസരിച്ച് ഉദ്യോഗാർത്ഥികൾ സമർപ്പിച്ച സർട്ടിഫിക്കറ്റുകൾ സൂക്ഷ്മമായി പരിശോധിച്ച് അവയുടെ സ്വീകാര്യത നിർണ്ണയിക്കേണ്ടതും ഏതെങ്കിലും സർട്ടിഫിക്കറ്റിന്റെ സ്വീകാര്യത സംബന്ധിച്ച കമ്മീഷന്റെ ഉത്തരവ് ആവശ്യമായി വരുകയാണെങ്കിൽ അതിനായി രേഖകളുടെ പകർപ്പുകൾ സഹിതം ഈ ആഫീസിലേക്ക് എഴുതേണ്ടതുമാണ്.

മേൽപ്പറഞ്ഞ തസ്തികകളുടെ തിരഞ്ഞെടുപ്പുകളുടെ തുടർനടപടികൾ ഈ നിർദ്ദേശങ്ങൾക്കനുസരിച്ച് പൂർത്തീകരിച്ച് എത്രയും പെട്ടെന്ന് റാങ്കുപട്ടിക പ്രസിദ്ധപ്പെടുത്തേണ്ടതാണ്

വിശ്വസ്തതയോടെ,

(ഒപ്പ്)
കെ.വിശ്വനാഥ്,
ജോയിന്റ് സെക്രട്ടറി,
കേരള പബ്ലിക് സർവീസ് കമ്മീഷൻ-
സെക്രട്ടറിക്കുവേണ്ടി.

ഇണ്ടാസ് നമ്പർ ഡി.ആർ.I(2)20691/06/ഗ.വി. തീയതി 4-8-2007

ബഹു:ചെയർമാൻ, മെമ്പർമാർ എന്നിവരുടെ പി.എ.മാർക്കും മേലുദ്യോഗസ്ഥർക്കും എല്ലാ സെക്ഷനുകൾക്കും അറിവിലേക്കായി പകർപ്പ് നൽകുന്നു.

കേരള പബ്ലിക് സർവീസ് കമ്മീഷൻ-
സെക്രട്ടറിക്കുവേണ്ടി.

NL 4/8/07